പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3457 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|

## ജെൻഡർ പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ഹൈബി ഈഡൻ<br>,, വി. റ്റി. ബൽറാം<br>,, ലൂഡി ലൂയിസ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. വനിതകളുടെ സാമ്പത്തിക സാമൂഹ്യ പുരോഗതിയ്ക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന ഉദ്ദേശിക്കുന്നത്. കോഴിക്കോട് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്താണ് ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ഇതു കൂടാതെ ക്യാമ്പസിന് പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. കൂടാതെ ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ 'ഷീ-ടാക്സി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റു പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |

| | |
|---|---|
| (ഡി) പദ്ധതിനടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായിട്ടുള്ള രൂപരേഖ തയ്യാറാക്കുന്നതിന് കോഴിക്കോട് ആസ്ഥാനമായിട്ടുള്ള സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും ജെൻഡർ പാർക്കിന് ആവശ്യമായിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുകയാണ്. വിശദമായ രൂപരേഖ തയ്യാറാക്കി ടെണ്ടർ നടപടികളും പൂർത്തിയാക്കി 2014 മാർച്ചിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ-ടാക്സി' പദ്ധതിയ്ക്ക് തിരുവനന്തപുരത്ത് തുടക്കം കുറിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**